Santhigiri

ഗുരുവാണി
"സ്നേഹവും സത്യസന്ധതയും വിനയവും കൊണ്ട് നിങ്ങൾക്ക് നല്ലതു നേടാം."

# ഉമ്മിണിതങ്കം

VOL 02 | ISSUE 56 | 2016 നവംബർ 27 | 1192 വൃശ്ചികം 12

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

## ഗുരുവിന്റെ ആശയം ലോകവ്യാപകമാക്കുന്നതിൽ പ്രസിദ്ധീകരണ വിഭാഗത്തിനു മുഖ്യപങ്ക്: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**സ്പിരിച്വൽ സോൺ:** നമ്മുടെ എല്ലാമായ ഗുരുവിന്റെ ആശയങ്ങൾ ലോകവ്യാപകമാക്കുന്നതിൽ ആശ്രമം പ്രസിദ്ധീകരണവിഭാഗത്തിന് മുഖ്യപങ്ക് വഹിക്കാനാകുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി. ഇതു സംബന്ധിച്ച് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും, ഏരിയകൾക്കും അയച്ച സർക്കുലറിലാണ് സർവാദരണീയ സ്വാമി ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നത്. ശാന്തിഗിരി പബ്ലിക്കേഷൻസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും ഫലപ്രദവുമാക്കുന്നതിനുള്ള നിരവധി നിർദ്ദേശങ്ങളാണ് ഇത് സംബന്ധിച്ചുള്ള സർക്കുലറിൽ പ്രതിപാദിച്ചിരിക്കുന്നത്. പ്രധാനപ്പെട്ട ചില നിർദേശങ്ങൾ :- ആശ്രമത്തിന്റെ പുസ്തകങ്ങൾ, സുവനീർ, ആധ്യാത്മിക മാസിക, ആരോഗ്യപത്മം, ഓഡിയോ -വീഡിയോ സിഡികൾ, ലഘുലേഖകൾ, ലീഫ്‌ലെറ്റ്, ബ്രോഷർ, നോട്ടീസ് എല്ലാം തന്നെ വിപുലമായ നിലയിൽ പ്രചരിപ്പിക്കുക, ഏരിയകളിൽനിന്നും പരമ്പരയിൽ നിന്നും വിവരങ്ങൾ ഇടയ്ക്കിടെ ശേഖരിക്കുക, മരുന്നുവിതരണംപോലെതന്നെ പുസ്തകങ്ങളും കൃത്യമായി ഏരിയകളിൽ എത്തിക്കാവുന്ന നടപടികൾ എടുക്കുക, ഏരിയയിലെ ലൈബ്രറികളെ സമീപിച്ച് നമ്മുടെ ബുക്ക് വയ്പ്പിക്കാൻ -പ്രത്യേകിച്ച് പിരിയോഡിക്കൽസ് - സൗകര്യം ഒരുക്കുക, ഏരിയകളിൽ സൗകര്യമുള്ള സ്റ്റോർ റൂമുകൾ തയ്യാറാക്കുക, ഏരിയയുടെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിലും ആകർഷണീയമായ രീതിയിൽ പബ്ലിക്കേഷൻസ് പ്രദർശിപ്പിക്കുക, പുതിയതായി വരുന്ന ഒരു കുടുംബത്തെ ആശ്രമം പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടുത്തി എടുപ്പിച്ച് ആശ്രമത്തെ കുറിച്ച് അറിയാൻ വഴിയൊരുക്കുക, പുതിയ പുസ്തകങ്ങൾ സംബന്ധിച്ച് ലഘുചർച്ചകൾ, മീറ്റിങ്ങുകൾ, പുസ്തക വായന എന്നിവ സംഘടിപ്പിക്കുക, ജില്ലാതലങ്ങളിൽ പുസ്തകപ്രകാശനത്തിന് ശ്രമിക്കുക, ഗുരുവാണി പുസ്തകത്തിന്റെ വ്യാപനം, ഓൾഡ് സ്റ്റോക്ക് വിറ്റഴിക്കാനുള്ള നടപടികൾ, ആശ്രമ പരിപാടികളിൽ ഏരിയകളിലുടനീളം പുസ്തക പ്രദർശനം തുടങ്ങിയവ നടത്തുക, പരമ്പരയിലെ എല്ലാ വീടുകളിലും പരിചയക്കാർക്കും ആരോഗ്യപത്മം എത്തിക്കുക, ഏജൻസികളും ഒപി ക്ലിനിക്കുകളും കേന്ദ്രീകരിച്ച് ആരോഗ്യപത്മവുമായി ബന്ധപ്പെട്ട പ്രത്യേക പ്രോഗ്രാമുകൾ നടത്തുക, സോഷ്യൽ മീഡിയ വഴി ആരോഗ്യപത്മത്തിന്റെ പ്രചരണം വ്യാപകമാക്കുക, സുവനീറുകൾ, നോട്ടീസുകൾ, ബ്രോഷർ, ലീഫ്‌ലെറ്റ്- പർണശാല സമർപ്പണം അതിന് മുൻപും ശേഷവും ഓരോ സ്ഥലത്തേക്ക് അയച്ചു തന്ന ഇത്തരം പ്രസിദ്ധീകരണങ്ങളുടെ വിവരശേഖരണം നടത്തി അതിന്റെ സ്റ്റോക്ക് മോണിറ്റർ ചെയ്യുക, ബ്രാൻഡിംഗ് സംബന്ധമായ വിവരശേഖരണം നടത്താനായി ഇതുവരെ ഓരോ ബ്രാഞ്ച് വാർഷികത്തിനും പൂർത്തിയാക്കിയ നോട്ടിസുകൾ, ബുക്കുകൾ ഉൾപ്പെടെയുള്ള കാര്യങ്ങളുടെ സാമ്പിൾ ശേഖരിക്കുക തുടങ്ങിയവാണ് സർക്കുലറിലെ പ്രധാന നിർദേശങ്ങൾ.

കൂടാതെ ഇതുവരെ ഓരോ ഏരിയകളിലുമുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി സെൻട്രൽ ഓഫീസിൽ നിന്ന് പ്രതിനിധികൾ ഓരോ ഏരിയകളിലേക്കും എത്തിച്ചേരുമെന്നും ഏരിയകളിൽ നിന്നും പബ്ലിക്കേഷൻസ് സംബന്ധമായ കാര്യത്തിനു മാനേജർ ശ്രീ.ജബേക്കർ എ. 8111882164 / ശ്രീ. ഷാജി എം. 8111882303 എന്നിവരെ ബന്ധപ്പെടാവുന്നതാണെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

## ആയുഷ് തുടർ വിദ്യാഭ്യാസ പരിശീലന പരിപാടി നടന്നു



*സിദ്ധ തുടർവിദ്യാഭ്യാസ പരിപാടി സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ പ്രസിഡന്റ് ഡോ.വി.അരുണാചലം ഉദ്ഘാടനം ചെയ്യുന്നു*

**ഹെൽത്ത്കെയർ സോൺ:** കേന്ദ്ര ആയുഷ് മന്ത്രാലയത്തിനു കീഴിലുള്ള ന്യൂഡെൽഹി രാഷ്ട്രീയ ആയുർവേദ വിദ്യാപീഠിന്റെ തുടർ വിദ്യാഭ്യാസ പരിപാടി നവംബർ 21 മുതൽ 26 വരെ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ വച്ച് നടന്നു. പരിപാടിയുടെ ഉദ്ഘാടനം സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ പ്രസിഡന്റ് ഡോ.വി.അരുണാചലം നിർവഹിച്ചു. സിദ്ധവൈദ്യം ജനങ്ങളിലേയ്ക്ക് എത്തുന്നതിന് ഈ മേഖലയിൽ കൂടുതൽ ഗവേഷണങ്ങൾ അത്യാവശ്യമാണ്. ഭാരതീയ വൈദ്യശാസ്ത്രത്തിൽ വ്യക്തിഗത ഗവേഷണങ്ങൾക്കു പകരം വിഷയാധിഷ്ഠിതമായ ഗവേഷണമാണ് ഇനി ആവശ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. .

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ.ആർ. ദേവരാജൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശാന്തിഗിരി ഹെൽത്ത്കെയർ &റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി മഹനീയ സാന്നിദ്ധ്യമായി. പ്രോഗ്രാം കൺവീനർ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ക്ലിനിക്കൽ വിഭാഗം വൈസ് പ്രിൻസിപ്പാൾ ഡോ.പി.ഹരിഹരൻ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ കേന്ദ്ര കമ്മിറ്റി അംഗം ഡോ.വി.ബി. വിജയകുമാർ, സിദ്ധ സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇൻചാർജ് ഡോ.പി.സത്യരാജേശ്വരൻ എന്നിവർ പ്രസംഗിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് അക്കാഡമിക് വിഭാഗം വൈസ് പ്രിൻസിപ്പാൾ ഡോ.കെ.ജഗന്നാഥൻ സ്വാഗതവും, റീഡർ ഡോ.എം.കന്യാകുമാരി കൃതജ്ഞതയും രേഖപ്പെടുത്തി. സിദ്ധയിലെ ഗവേഷണ രീതികൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള തുടർ വിദ്യാഭ്യാസ പരിപാടിയിൽ ഇന്ത്യയിലെ വിവിധ സിദ്ധ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരും, ദേശീയ സിദ്ധ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രഗത്ഭരും പങ്കെടുത്തു. തുടർ വിദ്യാഭ്യാസ പരിപാടി നവംബർ 26 ന് സമാപിച്ചു.



# ഗുരുവാണി

എല്ലായിടത്തും പോകുന്നതുപോലെ തൽക്കാലശാന്തിക്കുതകുന്ന വല്ല കാര്യവും സാധിക്കാം എന്ന ഉദ്ദേശ്യത്തോടെയല്ല ഇവിടെ വരേണ്ടത്. എന്തെല്ലാം കിട്ടുമോ അതെല്ലാം നിങ്ങൾ നേടിക്കോളൂ. അതിൽ നിന്നെല്ലാം വിശേഷപ്പെട്ടതായി ദൈവത്തിൽ നിന്നു കിട്ടിയ ഒരു സൂക്തം ഇവിടെ നിന്ന് നിങ്ങൾക്കു കിട്ടാനുണ്ട്. ഇതെങ്ങനെ സ്വായത്തമാക്കാം; ഇവിടെ നില്ക്കുന്നവരും വരുന്നവരും ആദ്യമറിയേണ്ടത് അതാണ്. അതിന് നിങ്ങൾ വാശി പിടിച്ച് അതുമിതും കാണിക്കരുത്. ധൃതി പിടിക്കുകയല്ല ഇതിനു വേണ്ടത്. എന്തെന്നാൽ നാളെയൊരു സമയം എന്തെങ്കിലുമൊക്കെ കെട്ടി വച്ച് വഴക്കുണ്ടാക്കാനുള്ള വകയല്ല ഇത്. അങ്ങനെ വഴക്കുണ്ടാക്കുന്ന ഒരറിവേ നിങ്ങൾക്കുള്ളൂ. ഞാൻ പറയുന്നത് എന്റെ പരിചയവും അനുഭവവുമാണ്. എന്റെ പതിനാലാമത്തെ വയസുമുതൽ വേദന പഠിച്ചെടുത്ത ഒരറിവ് ഞാൻ പറയുകയാണ്. അല്ലാതെ ഏതെങ്കിലും വിധത്തിൽ ഞാൻ സുഖിച്ചു ജീവിച്ച വക പറയുകയാണെന്നു നിങ്ങൾ ധരിക്കരുത്. എന്റെ കൈവശമുള്ളത് എന്താണെന്നു നിങ്ങൾ മനസിലാക്കിയിട്ടുണ്ടോ? അനവധി മഹാത്മാക്കൾ വന്നു വേദനപ്പെട്ടിട്ടുപോയ കാര്യമാണ്. നിങ്ങൾ പഠിച്ചുവച്ചിരിക്കുന്നതെന്താണ്? ഞങ്ങളുടെ സ്വാമി വലുത്, നിങ്ങളുടെ സ്വാമി ചെറുത്. ആ സ്വാമി പിന്നെ ദൈവമായി. അതു പിന്നെ ഞങ്ങളുടെ ജാതിയിലെ ദൈവമായി. ഞാൻ പറയുന്നത്, ജാതിയിൽ ദൈവം കളിച്ച് ചീത്തയാക്കേണ്ട കാര്യത്തിന് നിങ്ങൾ ഇവിടെ വരേണ്ട. അങ്ങനെ ദൈവം കളിക്കേണ്ട ഒരു സംഗതിയും ഇവിടെ ഇല്ല. ദൈവം ഉണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ല. അതു നിങ്ങളാരും പറഞ്ഞൊപ്പിക്കേണ്ട കാര്യമില്ല. നിങ്ങളുടെ അനുഭവത്തോളം നിങ്ങൾ ഇതിനെ സ്വീകരിച്ചാൽ മതി. അത് മനുഷ്യചരിത്രത്തിൽ ആദ്യമായിട്ട് നിങ്ങൾ ഇവിടെ നിന്നു പഠിക്കുകയാണ്. ഏതെങ്കിലും ഒരു കോഴ്സ് വച്ച് ഇത് പഠിച്ചെടുക്കാൻ ഒക്കുകയില്ല. അങ്ങനെയുള്ള ഒരു രീതിയും ഇവിടെയില്ല. നിങ്ങളിത് ക്ലേശിച്ച് വേദനപ്പെട്ട് ആ വേദനയിൽ ആനന്ദപ്പെട്ട് എടുക്കാനേ ആഗ്രഹിക്കാവൂ. എത്ര ക്ലേശിച്ചാലും ഒരു കുറ്റവും വരില്ല. ക്ലേശിക്കുന്തോറും ആനന്ദം ലഭിക്കും. ഈ ആശയത്തിലേ നിങ്ങൾ ഇവിടെ പെരുമാറാവൂ. ഇത് ഇന്നും നാളെയുമായി പൊക്കിയെടുത്ത് ആരെയും നന്നാക്കാനും ചീത്തയാക്കാനും നിങ്ങൾ മുതിരരുത്. ദൈവത്തിന്റെ വകയായിട്ട് നിങ്ങൾ ഇത് ചെയ്താൽ മതി. ആവുന്നതു ചെയ്യും. കൂടുതൽ വേണ്ട. ഞങ്ങൾക്ക് ഒന്നും അറിയില്ല, ഒന്നും അറിഞ്ഞു വന്നവരല്ല, അറിഞ്ഞവരോട് ഞങ്ങൾക്ക് സന്തോഷമുണ്ട്, അവരോട് ചേർന്നുനിന്നു പ്രവർത്തിക്കാൻ ഞങ്ങൾക്കു ചാരിതാർത്ഥ്യമുണ്ട്. ഇങ്ങനെയൊരു വിനയം നിങ്ങൾക്ക് ഉണ്ടായിരുന്നാൽ മതി. വാശി പിടിച്ചൊന്നും പറയരുത്, പ്രവർത്തികരുത്. അതു തെറ്റായിപ്പോകും. വാശി പിടിച്ചു ചെയ്യുന്ന വലിമ കൊണ്ടൊന്നും ഇതു നടക്കാൻ പോകുന്നില്ല. വിനയമില്ലാതെ ചെയ്യുന്നത് സത്യസന്ധതയില്ലാതെ പടച്ചുണ്ടാക്കുന്ന അറിവുകേടിന്റെ മൂശയിലായിപ്പോകും. വിനയവും സത്യസന്ധതയുമില്ലാത്ത കർമ്മത്തിൽ വിലയിരുത്തി അറിയാൻ എന്തിരിക്കുന്നു? ഒരാളിന്റെ ബുദ്ധിയിൽ ഉപദേശിച്ച് മറ്റൊരാളിന്റെ വഞ്ചനയിലും ചതിയിലും കലർന്ന കർമ്മമാക്കി നമ്മളെ ഏല്പിച്ചിട്ട് നമ്മളെക്കൊണ്ട് പ്രവർത്തിച്ചു പോകുന്ന ചില വിശേഷങ്ങളുണ്ട്. അതിലൊന്നും വീണഴുകാതെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യുക. സാവകാശമുള്ള കർമ്മത്തിൽ പൂർണ്ണരാവുക. നിങ്ങളുടെ പ്രവർത്തി കണ്ടാൽ ആർക്കും നിങ്ങളെ സ്നേഹിക്കാൻ കഴിയണം. നിങ്ങളുടെ പ്രവർത്തി കണ്ടാൽ ആർക്കും നിങ്ങളെ കളഞ്ഞിട്ട് ഓടിപ്പോകാൻ തോന്നരുത്. അങ്ങനെയുള്ള കർമത്തിലേക്ക് നിങ്ങൾ പോകരുത്. സ്നേഹത്തെ എത്ര മഹിമയിൽ, എത്ര ആഴത്തിൽ വരുത്തിയെടുക്കാൻ കഴിയും; ഇതിനാണ് കർമ്മം.

## വചനദീപ്തി

തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം, മന:സാക്ഷിയില്ലാത്ത ആനന്ദം, അദ്ധ്വാനമില്ലാത്ത സമ്പത്ത്, സ്വഭാവവൈശിഷ്ട്യമില്ലാത്ത വിജ്ഞാനം, സന്മാർഗികതയില്ലാത്ത കച്ചവടം, മാനുഷികതയില്ലാത്ത ശാസ്ത്രം, ത്യാഗമില്ലാത്ത ആരാധന എന്നിവ വർജ്ജിക്കപ്പെടേണ്ടതാകുന്നു.

**ഗാന്ധിജി**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 നവംബർ 27 മുതൽ ഡിസംബർ 3 വരെ*

| | |
|---|---|
| **ഞായർ** | **- ലക്ഷ്മിപുരം, ആനന്ദപുരം** |
| **തിങ്കൾ** | **- ജനസേവികപുരം, രത്നഗിരി** |
| **ചൊവ്വ** | **- സ്നേഹപുരം, കാഞ്ഞാംപാറ** |
| **ബുധൻ** | **- പോത്തൻകോട്, പാലോട്ടുകോണം** |
| **വ്യാഴം** | **- ജ്യോതിപുരം** |
| **വെള്ളി** | **- ശാന്തിപുരം** |
| **ശനി** | **- കരുണപുരം** |

## യാമപ്രാർത്ഥന

*2016 ഡിസംബർ 1 വ്യാഴം*

**ശാന്തിഗിരി ജങ്ഷൻ, ലക്ഷ്മിപുരം, രത്നഗിരി**

# ആശ്രമജീവിതം കൊണ്ട് ദൈവനിശ്ചയം പ്രവർത്തിച്ചെടുക്കണം

നിങ്ങൾ ഈ പ്രവർത്തനശേഷിയിൽ ശരീരം കൊണ്ടും മനസ്സുകൊണ്ടും ഗുരുവിനോടുള്ള സ്നേഹം കൊണ്ടും കഷ്ടപ്പെട്ടു. ആ രംഗം നിങ്ങളുടെ വീടിന് എന്നെന്നേക്കും ആരും അഴിക്കാത്ത ഒരു നിധിയായിട്ട് കിടക്കണമെങ്കിൽ നിങ്ങൾ ഈ ഭാഗം സൂക്ഷിക്കണം. നിങ്ങളുടെ മക്കൾ തെറ്റു ചെയ്താൽ അത് അംഗീകരിക്കണം. തെറ്റു ചെയ്തില്ലെങ്കിലും ആ തെറ്റ് അവനിൽ ഉണ്ടെന്നു കണ്ടിട്ട് അവനെ തിരുത്താനുള്ള ഒരു ആശ്രമപരിചയം വരണം. അനുസരണ വേണം. ഇതൊക്കെയാണ് ആശ്രമപരിചയം കൊണ്ട് മനസിലാക്കേണ്ടത്.

ഇപ്പോൾ എന്റെ അച്ഛൻ തന്നെ, ഞാൻ ആ കാര്യം നിങ്ങളോടൊന്ന് സൂചിപ്പിക്കട്ടെ, ഇതിനു വേണ്ടി സർവ്വതും ചെയ്തതാണ്. ഒരു നിമിഷം അവിടെ നില്ക്കുന്ന ആ മാവിന്റെ അടുത്തുവച്ച് എന്നെ തള്ളിപ്പറയുന്ന രംഗങ്ങളാണ്. നാലു വണ്ടി ആളുകളും എത്രയോ പേരുമായിട്ട് ഇവിടെ വന്നുകിടന്ന രംഗങ്ങളും, അത് കഴിഞ്ഞിട്ട് എന്നോടു കാണിച്ച സ്നേഹത്തിന്റെ ഒരു ഭാഗത്ത് ഇവിടെ വന്നപ്പോൾ എന്നെ വിളിച്ചു. എന്നിട്ട് ഞാൻ ഒന്നും പറയാനോ സംസാരിക്കാനോ പോയില്ല. അത് വേറെ ഒരു ഭാഗം. ഈ സഹകരണമന്ദിരത്തിന്റെ മുമ്പിൽ നിന്ന് ഞാൻ പോകയാണ് എന്നു പറഞ്ഞിട്ട് അവിടെ നമസ്കരിച്ചിട്ടു പോയി. ഞാനും തൊഴുതുകൊണ്ട് നിന്നു. അതാണ് ദൈവത്തിന്റെ നിശ്ചയം. എന്താണ്, ഗുരു എത്രയോ കാലങ്ങൾക്ക് മുമ്പ് എന്നോട് പറഞ്ഞിരുന്നു. എനിക്കൊരു അനുഭവവശം ഉണ്ടായപ്പോൾ, കുളിക്കാൻ ആറ്റിൽ പോകുന്ന സമയം ഗുരുവും ഞാനും ബാബുസ്വാമിയും ആരോ ആണ് കൂടെയുള്ളത്. എന്റെ കയ്യിൽ ഗുരുവിന്റെ സോപ്പും തോർത്തും എനിക്കുടുക്കുവാനുള്ള വസ്ത്രവും ഉണ്ട്. ഗുരു എന്നോട് ചോദിച്ചു: മോൾ ഇന്നലെ കണ്ട ദർശനം എന്താണ്. അതുപറഞ്ഞപ്പോൾ ഗുരു പറഞ്ഞതാണ്, ഒരു സമയം നിന്റെ അച്ഛനും അമ്മയും വരെ നിന്നെ തള്ളിപ്പറയുന്ന രംഗം വരുമെന്ന്. ഇങ്ങനെയൊക്കെ അനുഭവം കിട്ടുന്ന ഒരാൾക്ക് അതനുഭവിക്കേണ്ടി വരും എന്നു പറഞ്ഞിട്ട് ഗുരു ആ ആറ്റിലേക്ക് ഇറങ്ങിപ്പോകുന്ന വഴിക്ക് ഒരു കല്ലിൽ ഇരുന്നിട്ട് ആ ദർശനത്തിന്റെ കടുപ്പം കണ്ടിട്ട് ഗുരു സംസാരിച്ച രംഗം പതിനൊന്നു വർഷം കഴിഞ്ഞിട്ടോ പതിമൂന്ന് വർഷം കഴിഞ്ഞിട്ടോ ഈ ആശ്രമത്തിലുള്ള സകല മൺതരികളും എന്നെ തള്ളിപ്പറഞ്ഞു. കാരണം ആശ്രമജീവിതത്തിനായിട്ട് നില്ക്കുന്ന സർവരും എന്നെ തള്ളിപ്പറഞ്ഞിട്ടും ബാഹ്യദൃഷ്ടിയിൽ ഗുരുവും എന്നോട് പറയുകയാണ്, 'നീ ഇറങ്ങിപ്പോയിട്ടു വാ' എന്ന്. അങ്ങനെ ഞാൻ ഒരു മാവിന്റെ ചുവട്ടിൽ വന്നിരുന്നു പ്രാർത്ഥിച്ചു. ആ പ്രാർത്ഥിക്കുന്ന സമയത്ത് ഞാൻ എന്തു ചെയ്യണം എന്ന് പ്രകാശത്തിനോടു ചോദിച്ചപ്പോൾ കിട്ടുന്നതാണ്: 'മോള് പോയാൽ അപകടം വരും, പോകരുതെന്ന്' നിങ്ങളോ, ആശ്രമജീവിതത്തിന്റെ ഒരു ഭാഗത്തേക്ക് നിങ്ങൾ, തക്കം കിട്ടിയാൽ ഗുരുവിനെ പോലും പഴിക്കും. എല്ലാവരും എന്നല്ല ഞാൻ പറയുന്നത്. അങ്ങനെയും ചെയ്യും. നിങ്ങൾക്ക് ഇഷ്ടപ്പെടാത്ത ഒരു രംഗം വരുമ്പോൾ പൂജിക്കുന്ന വകയെ വരെ തള്ളിപ്പറയുന്ന രീതിയിൽ നിങ്ങളുടെ മനസ്സ് ചലിച്ചാൽ എങ്ങനെയിരിക്കും ആശ്രമജീവിതത്തിന്റെ പോക്ക്?

**'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** – *അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്*

# ശാന്തിഗിരി പബ്ളിക്കേഷൻസ്











ഗുരുവാണിയും ആശ്രമസന്ദേശങ്ങളും വിശ്വാസികളിലും ജനങ്ങളിലും എത്തിക്കുന്നതിനുള്ള മാർഗം എന്ന നിലയിലാണ് ശാന്തിഗിരി ആദ്ധ്യാത്മിക മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. 1977 ജനുവരി മാസം മുതൽ ഒരു പ്രസിദ്ധീകരണമെന്ന നിലയിൽ ആദ്ധ്യാത്മിക മാസിക മുടക്കം കൂടാതെ പുറത്തിറങ്ങുന്നു. ഗുരുവാണിയും ഗുരുമാർഗത്തെ പുരസ്കരിച്ചുള്ള ലേഖനങ്ങളും കവിതകളും വിശ്വാസികളുടെ അനുഭവങ്ങളും അടങ്ങിയ ഈ മാസികയും വർഷംതോറും ഗുരുജയന്തിക്ക് പ്രസിദ്ധപ്പെടുത്തുന്ന ഗുരുജയന്തി വിശേഷാൽപ്പതിപ്പുകളും ഗുരുഷഷ്ഠ്യബ്ദപൂർത്തി, സഹകരണമന്ദിര സമർപ്പണപ്പതിപ്പ് പോലുള്ള വിശേഷാൽപ്പതിപ്പുകളും (വിശേഷാൽപതിപ്പുകളിൽ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നട എന്നീ ഭാഷകളിൽ പ്രത്യേക വിഭാഗങ്ങൾ ഉണ്ടായിരുന്നു.) ഗുരുവിന്റെ ആശയങ്ങളും വാക്കുകളും ആശ്രമവാർത്തകളും അടങ്ങിയ വീക്കിലി ന്യൂസ് ലെറ്റർ -ഉമ്മിണിത്തങ്കവുമാണ് ആദ്യകാലത്ത് ആശ്രമത്തിലെ പ്രസിദ്ധീകരണ വിഭാഗം കൈകാര്യം ചെയ്തിരുന്നത്. ഉമ്മിണിത്തങ്കത്തിന് ചില വിശേഷദിവസങ്ങളിൽ പ്രത്യേക പതിപ്പും പുറത്തിറങ്ങുമായിരുന്നു. കൂടാതെ ശാന്തിഗിരി പബ്ളിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ നിരവധി ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലഘുലേഖകൾ, നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങി കാലിക പ്രാധാന്യമുള്ള വിഷയങ്ങളും അച്ചടിച്ചു വിതരണം ചെയ്തിരുന്നു. പിന്നീട് ആരോഗ്യരംഗത്തെ പ്രസിദ്ധീകരണമായി ശാന്തിഗിരി ആരോഗ്യപത്മം മാസികയും പുറത്തിറങ്ങി.

ഗുരുവിന്റെ പ്രഭാഷണങ്ങളും തീർത്ഥയാത്രകളും ഓഡിയോ– വീഡിയോ സിഡികളിലാക്കി സൂക്ഷിച്ചിട്ടുണ്ട്. പ്രധാന ചടങ്ങുകളുടെയും ഗുരു ഭൗതികശരീരത്തിൽ ഉണ്ടായിരുന്ന സമയത്തെ വിവിധ സംഭവങ്ങളുടെയും ഛായാചിത്രങ്ങളും ആൽബങ്ങളും ശാന്തിഗിരി പ്രസിദ്ധീകരണ വിഭാഗം സൂക്ഷിച്ചിരിക്കുന്നു.

ഇപ്പോൾ അച്ചടിരംഗത്തിനു പുറമെ മറ്റു രംഗങ്ങളിലേക്കും ശാന്തിഗിരി പ്രസിദ്ധീകരണ വിഭാഗം വളർന്നിരിക്കുന്നു. ഇന്റർനെറ്റ്, നവ സാമൂഹിക മാദ്ധ്യമങ്ങൾ എന്നിവയിൽ ആശ്രമം പ്രസിദ്ധീകരണ വിഭാഗം സജീവമാണ്. ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ, ഓഡിയോ വീഡിയോ സി.ഡികൾ, ആശ്രമം വെബ് സൈറ്റുകൾ തുടങ്ങിയ രംഗങ്ങളിൽക്കൂടി ശാന്തിഗിരി പ്രസിദ്ധീകരണ വിഭാഗം ഗുരുവിന്റെ ആശയങ്ങളും ആശ്രമസന്ദേശങ്ങളും കൂടുതൽ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് അനവരതം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.



*ആലപ്പുഴയിൽ വച്ച് നടന്ന വിഷൻ 20:20 യോഗത്തിൽ നിന്ന്*



*കരുണപുരത്ത് എം.ജി. വേണു നിർമിക്കുന്ന പുതിയ ഭവനത്തിന്റെ ശിലാസ്ഥാപന കർമ്മം*

# വിദ്യാഭ്യാസ പദ്ധതികളുമായി ജില്ലാ പഞ്ചായത്ത്

**തിരുവനന്തപുരം:** ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന എട്ട് വിദ്യാഭ്യാസ പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥ് നിർവഹിച്ചു. എച്ച് എൽഎൽ ലൈഫ്കെയർ ലിമിറ്റഡുമായി ചേർന്ന് ജില്ലയിലെ 150 സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനുകളും സാനിട്ടറി നാപ്കിൻ ഇൻസിനറേറ്ററുകളും സ്ഥാപിക്കുന്ന മാനസ പൾസ് പദ്ധതിയാണ് ഇതിൽ പ്രധാന പദ്ധതി.

മാനസ, സഹായ, വിദ്യജ്യോതി, ഉണർവ്, ദിശ, അക്ഷരമാല, ഗ്രന്ഥപ്പുര എന്നിവയാണ് മറ്റ് പദ്ധതികൾ. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വിദ്യാഭ്യാസത്തിൽ സാധ്യമാക്കാം എന്നാണ് പ്രത്യാശയെന്ന് മന്ത്രി പറഞ്ഞു. സമഗ്ര മനുഷ്യനെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സമഗ്രത ഉണ്ടാകുമ്പോഴാണ് വ്യക്തി വിദ്യാസമ്പന്നനാകുക. അതിന് ജീവിതത്തിന്റെ എല്ലാ മേഖലകളിലൂടെയും കടന്നുപോകണം. ജില്ലാ പഞ്ചായത്തിന്റേത് മാതൃകാപരമായ നടപടിയാണെന്നും മന്ത്രി പറഞ്ഞു.



*വുഷു ജില്ലാതല ഓവറോൾ കിരീടം നേടിയ ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ ടീം*

# വിദ്യാഭവന് ഓവറോൾ കിരീടം

**തിരുവനന്തപുരം:** ജില്ലാതല വുഷു ചാംപ്യൻഷിപ്പിൽ ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിന് ഓവറോൾ കിരീടം. നവംബർ 20 ശനിയാഴ്ച ശംഖുമുഖം ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ശാന്തിഗിരി വിദ്യാഭവൻ സ്കൂൾ ഏഴ് സ്വർണവും വെള്ളിയും ഒരു വെങ്കലവും ഉൾപ്പെടെ 15 മെഡലുകൾ കരസ്ഥമാക്കി. സംസ്ഥാനതല വുഷു മത്സരങ്ങൾ ഇന്നു തിരുവനന്തപുരത്ത് നടക്കും.



*സ്നേഹപുരത്ത് ബി. സുനിൽ കുമാർ നിർമിക്കുന്ന ഭവനത്തിന് സ്വാമി നവകൃപ ജ്ഞാനതപസ്വി ശിലാസ്ഥാപനം നടത്തുന്നു*

# സേഫ്റ്റി ടിപ്സ്

വീടുകളിൽ വിറകടുപ്പ് ഉപയോഗിക്കുന്നവർ പുകക്കുഴൽ വയ്ക്കണം. അല്ലെങ്കിൽ തീ കെടുത്തി വെള്ളം തളിച്ച് തീ അണയ്ക്കണം.

ഗ്യാസ് സിലിണ്ടറിൽ ലീക്ക് വന്നാൽ ഗ്യാസ് മൊത്തം വ്യാപിച്ച് രാത്രി ഉറങ്ങിക്കിടക്കുന്നവർക്ക് ശ്വാസം മുട്ടി മരണം വരെ സംഭവിക്കാവുന്നതാണ്. അതിനാൽ ഗ്യാസ് സിലിണ്ടർ രാത്രിയിൽ ഒന്നുകൂടി ചെക്ക് ചെയ്യേണ്ടതാണ്. സിലിണ്ടറിലുള്ള റെഗുലേറ്റർ ഡിസ്കണക്റ്റ് ചെയ്തു മാറ്റുകയും വേണം.

വാഹനങ്ങൾ ഓടാത്ത സമയങ്ങളിലും (പാർക്ക് ചെയ്തിരിക്കുന്ന സമയം) എ. സി. ഓണാക്കി ഇടുന്ന ധാരാളം പേർ ഉണ്ട്.

ഈ സമയത്ത് എക്സ്ഹോസ്റ്റ് ഗ്യാസ് ലീക്ക് ഉണ്ടായാൽ അത് കാറിനുള്ളിൽ കിടന്ന് ഉറങ്ങുന്നവർക്ക് ബോധക്ഷയം സംഭവിക്കുകയും അവർക്ക് വാഹനത്തിൽ നിന്ന് പുറത്തിറങ്ങാൻ പറ്റാത്ത സ്ഥിതി ഉണ്ടാവുകയും അപകടം സംഭവിക്കുകയും ചെയ്യാം. ആയതിനാൽ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

# ദിവംഗതനായി

**തിരുവനന്തപുരം:** പട്ടം പ്ലാമൂട് 'നിഷാനി'യിൽ ജി. പ്രസന്നൻ നായർ (61) നവംബർ 20, ഞായറാഴ്ച ദിവംഗതനായി. ഭാര്യ ഷീല കെ. ആർ. മക്കൾ : കിരൺ പി.എസ്., ശീതൾ പി.എസ്. ശാന്തിഗിരി ആശ്രമം വെഹിക്കിൾ ഡിവിഷനിൽ അസിസ്റ്റന്റ് മാനേജരായി സേവനം അനുഷ്ഠിക്കുകയായിരുന്നു. റിട്ട. കെ.എസ്. ആർ.ടി.സി. ഉദ്യോഗസ്ഥനാണ്.



*ജി. പ്രസന്നൻ നായർ*


ഗുരുചരണം ശരണം

## റിസർച്ച് സോൺ കാന്റീൻ

**വൈവിധ്യമാർന്ന വെജിറ്റേറിയൻ വിഭവങ്ങൾ**

**ചൈനീസ് – നോർത്ത് ഇൻഡ്യൻ വിഭവങ്ങൾ**

**കാറ്ററിംഗ് സൗകര്യവും ഉണ്ടായിരിക്കും**

**(പ്രവർത്തനസമയം രാവിലെ 6 മുതൽ രാത്രി 10 വരെ)**

**ഫോൺ: 8111882324, 8111882147**


## നമുക്ക് ഇംഗ്ലീഷ് പഠിക്കാം

**ഇ.വി. ആൻഡ്രൂസ്** M.A.
ഇംഗ്ലീഷ് ട്രെയിനർ, സ്നേഹം, പോത്തൻകോട്

### Article (ഭേദകം) A, An, The

A- എണ്ണാൻ കഴിയുന്നതും (Per) കഴിയാത്തതുമായ (nil) നാമങ്ങളുണ്ട്. അതിൽ എണ്ണാൻ കഴിയുന്ന നാമം ഏകവചനത്തിൽ പ്രയോഗിക്കുമ്പോൾ a ചേർക്കണം. ഉദാ. (a pen).

An - അ, ആ, ഇ, ഈ എന്നു തുടങ്ങുന്ന മലയാള സ്വരാക്ഷരങ്ങളുടെ ഉച്ചാരണത്തോടെ ആരംഭിക്കുന്നതും എണ്ണാൻ കഴിയുന്നതും ഏകവചനരൂപത്തിൽ ഉള്ളതുമായ നാമത്തിനു മുന്നിൽ an ചേർക്കണം. ഉദാ. (an apple)

മലയാളത്തിലെ സ്വരാക്ഷരങ്ങളെ ആശ്രയിക്കുന്നതിനു പകരം ഇംഗ്ലീഷിലെ A, E,I, O, U എന്ന Vowels നെ പിൻപറ്റുന്നതുകൊണ്ടാണ് an ഉപയോഗിക്കേണ്ട സന്ദർഭങ്ങളിൽ പിഴവു സംഭവിക്കുന്നത്. ലോകത്തിലെ എല്ലാ മനുഷ്യരും ഒരേ സ്വരാക്ഷരങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നത്. ഇംഗ്ലീഷുകാർ അതിനെ ആറ്റിക്കുറുക്കി അഞ്ച് അക്ഷരങ്ങളാക്കി. ആ അക്ഷരങ്ങളുടെ ശബ്ദസവിശേഷതകളെക്കുറിച്ച് മനസിലാക്കണമെങ്കിൽ Phonetics (ശബ്ദശാസ്ത്രം) പഠിക്കണം. അത് നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നില്ല. അതുകൊണ്ടാണ് an ഉപയോഗിക്കുന്നിടത്ത് നമുക്ക് സന്ദേഹം ഉണ്ടാകുന്നത്. ഇതിനെ മുതലെടുത്തുകൊണ്ടാണ് ഡിഗ്രി ക്ലാസുകളിലെ പരീക്ഷകളിൽ പോലും an പ്രയോഗത്തെക്കുറിച്ചുള്ള ചോദ്യങ്ങളുണ്ടാകുന്നത്. ഇനിയെങ്കിലും നമുക്ക് മലയാളത്തിലെ സ്വരാക്ഷരങ്ങളെ ആശ്രയിക്കാം.

The - ഇതിനെ Definite Article എന്നു പറയുന്നു. ഈ വാക്കിന് ഒറ്റയ്ക്ക് അർത്ഥം പറയാനാവില്ല. ഒരു പ്രത്യേക വസ്തുവിനെ സൂചിപ്പിക്കാനോ അല്ലെങ്കിൽ നേരത്തെ പരാമർശിച്ച ഒരു വസ്തുവിനെയോ വ്യക്തിയെയോ സൂചിപ്പിക്കാനോ ആണ് The ഉപയോഗിക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ The യ്ക്ക് 'ആ' എന്ന അർത്ഥം കിട്ടുന്നു. മഹത്ഗ്രന്ഥങ്ങൾ, സംഗീതോപകരണങ്ങൾ, ദ്വീപസമൂഹങ്ങൾ, നദികൾ തുടങ്ങിയവയുടെ മുന്നിൽ അർത്ഥമില്ലാത്ത ഈ The ചേർക്കണമെന്ന് ഇംഗ്ലീഷുകാർക്ക് നിർബന്ധമാണ്. എന്നാൽ വ്യക്തികൾ, രാജ്യങ്ങൾ, സ്ഥലങ്ങൾ, മാസങ്ങൾ, ആഴ്ചകൾ, ആഹാരം, രോഗങ്ങൾ, കളികൾ തുടങ്ങിയവയ്ക്കു മുന്നിലൊന്നും The പ്രയോഗിക്കാൻ പാടില്ലെന്നും അവർ നിഷ്കർഷിക്കുന്നു. (സ്വയം ഒരു Exercise (അഭ്യാസം)ലൂടെ ഇതൊന്നു മനസിലാക്കാൻ ശ്രമിക്കുക). എന്തായാലും ആ ഗതികേടൊന്നും നമ്മുടെ മാതൃഭാഷയ്ക്കില്ല.

# ഭാരതീയ ചികിൽസാശാസ്ത്രങ്ങളുടെ അടിസ്ഥാനം ആത്മീയത: സ്വാമി ചൈതന്യ ജ്ഞാനതപസ്വി

**ഹെൽത്ത്കെയർ സോൺ:** ഭാരതീയ ചികിൽസാശാസ്ത്രങ്ങളുടെ അടിസ്ഥാനം ആത്മീയതയാണെന്ന് ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പതിനഞ്ചാം ബാച്ചിന്റെ പ്രവേശന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി. പുരാതന ചികിത്സാവിഭാഗങ്ങളായ സിദ്ധവും, ആയുർവേദവുമെല്ലാം ഋഷീശ്വരന്മാരുടെ ദർശനങ്ങളിൽ അധിഷ്ഠിതമാണ്. അതുകൊണ്ടുതന്നെ അത് ആത്മീയതയുമായി ചേർന്നു നിൽക്കുന്നു. ജീവനിലെ പുണ്യകുറവ് ശരീരമെന്ന കർമ്മത്തിൽ പല വ്യാധികൾ ആയി നിൽക്കുന്നു എന്ന ഗുരുവിന്റെ വാക്കുകൾക്ക് ഈ കാലഘട്ടത്തിൽ പ്രസക്തിയേറുന്നുവെന്ന് സ്വാമി പറഞ്ഞു. ഡോക്ടർമാർ നന്മ നിറഞ്ഞവരായിരിക്കണമെന്നും സമൂഹത്തിന് മഹിമ പകർന്നു

നൽകാൻ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ അവരെ പ്രാപ്തരാക്കണമെന്നും സ്വാമി അഭിപ്രായപ്പെട്ടു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ.ആർ.ദേവരാജൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. ഡോ. കെ. ജഗന്നാഥൻ, ഡോ. പി. ഹരിഹരൻ, ഡോ. ജെ. നീനപ്രിയ, ഡോ. എം. കന്യാകുമാരി,ഡോ.കെ.നന്ദഗോപാൽ, ഡോ.ഫുൽട്ടൻ ജോസ് ന്യൂമാൻ, എൻ.ഷീജ, പി.ടി.എ. പ്രസിഡന്റ് എൻ. വിജയൻ നായർ എന്നിവർ പ്രസംഗിച്ചു. ശാന്തിഗിരി മെഡിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസിസ്റ്റന്റ് ജനറൽ മാനേജർ എസ്. വിജയൻ സ്വാഗതവും, കോളേജ് അസിസ്റ്റന്റ് കൺവീനർ ഷിബു. ബി കൃതജ്ഞതയും പറഞ്ഞു.



*പ്രവേശന ചടങ്ങിന്റെ ഉദ്ഘാടനം സ്വാമി ചൈതന്യ ജ്ഞാനതപസ്വി നിർവ്വഹിക്കുന്നു*

## കുങ്ഫു പരിശീലന ക്ലാസും ബെൽറ്റ് വിതരണവും

**ഹെൽത്ത്കെയർ സോൺ:** ഡോ. വീരഭദ്രൻസ് ഷാവോലിൻ കുങ്ഫു ഫിസിക്കൽ മെഡിസിൻ & ശാന്തിഗിരി മാർഷൽ ആർട്സിന്റെ കീഴിൽ അഞ്ചു വർഷത്തെ പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് ബ്ലാക്ക് ബെൽറ്റും ഷാവോലിൻ കുങ്ഫു സീനിയർ മാസ്റ്റർ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണവും നവംബർ 20 ഞായറാഴ്ച നടന്നു. കുങ്ഫു പരിശീലനത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് ഗ്രാന്റ് മാസ്റ്റർ ദിലീപ് ജി., ഡോ. കെ.ആർ.എസ്. നായർ എന്നിവർ ചേർന്ന് നയിച്ചു.

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടിയുടെ ഉദ്ഘാടനം സി.ആർ.പി.എഫ് ഡെപ്യൂട്ടി കമാൻഡന്റ് സജീവ് നിർവ്വഹിച്ചു. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു.

ഡോ. ജഗന്നാഥൻ ഡി., സുലൈമാൻ അൽ ബഖാവി, ഡോ. ഹർഷൻ കെഎച്ച്., ഡോ. ആശിഷ് ജിതേന്ദ്രനാഥ്, ഡോ. രജീഷ് എസ്., അഡ്വ. ദേവദത്തൻ വി. എന്നിവർ ആശംസകളർപ്പിച്ചു. എം. പി.പ്രമോദ് സ്വാഗതവും രമേഷ് കെ.ജി. കൃതജ്ഞതയും രേഖപ്പെടുത്തി.




*കുങ്ഫു സർട്ടിഫിക്കറ്റുകൾ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി വിതരണം ചെയ്യുന്നു*



*സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ കേന്ദ്രമന്ത്രി പൊൻ രാധാകൃഷ്ണനെ സന്ദർശിച്ചപ്പോൾ*

## ഡോക്ടറേറ്റ് നേടി



*സ്വപ്ന ശ്രീനിവാസൻ*

**ജനസേവികപുരം:** എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് മലയാള സാഹിത്യത്തിൽ പിഎച്ച്ഡി നേടിയ സ്വപ്ന ശ്രീനിവാസൻ. തിരുവനന്തപുരം ഗവ. വിമൻസ് കോളജിലെ അസിസ്റ്റന്റ് പ്രൊഫസറായ സ്വപ്ന, ജനസേവികപുരം 'ശാന്തിമുത്തി'ൽ റ്റി.ബി. ലാലിന്റെ ഭാര്യയാണ്. മകൻ: ഗുരുദീപ്തൻ.



*ഗൃഹസ്ഥാശ്രമസംഘം പൊതുയോഗത്തിൽ നിന്ന്*

## ഗൃഹസ്ഥാശ്രമസംഘം യോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പൊതുയോഗം നവംബർ 20 ഞായറാഴ്ച രാവിലെ 7.30 ന് റിസർച്ച്സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി എന്നിവർ സന്നിഹിതരായിരുന്നു. ഉപാധികളില്ലാത്ത സ്നേഹമാണ് വിശ്വാസം എന്ന ഗുരുവാക്ക് ഉദ്ധരിച്ച് സംസാരിച്ച സർവാദരണീയ ജനനി, കർമ്മങ്ങളിൽക്കൂടി കിട്ടുന്ന പരിണാമം ആർക്കും മാറ്റാൻ പറ്റാത്ത മഹിമയുള്ള കർമ്മമാണെന്നും അഭിപ്രായപ്പെട്ടു. പർണശാലയിലെ രാത്രി ഡ്യൂട്ടി, ഈ ലോകത്തെ സൂക്ഷിക്കുകയാണെന്ന ഗുരുവാക്ക് ഓർമ്മിപ്പിക്കുകയും കുട്ടികളെ പൊതുയോഗങ്ങളിൽ കൂടുതലായി പങ്കെടുപ്പിക്കണമെന്ന് അറിയിക്കുകയുമുണ്ടായി. ഇനിയുള്ള ഓരോ കർമ്മവും ഒരുമയോടെ, ഒത്തൊരുമിച്ച് കൊണ്ടുപോകാൻ സാധിക്കട്ടെയെന്നും ആശംസിച്ചു. തുടർന്ന് സംസാരിച്ച ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ദൈവം എന്നതിന്റെ വലിപ്പത്തേയും മാതൃകയേയും കുറിച്ച് ഓർമ്മപ്പെടുത്തി. ശാന്തിഗിരി വിദ്യാഭവന്റെ ആദ്യകാലസ്ഥിതിയെ പരാമർശിച്ചു വിജയകുമാരി ടീച്ചർ സംസാരിച്ചു. പ്രമോദ് എം.പി. സ്വാഗതവും പി.പി.ബാബു കൃതജ്ഞതയും രേഖപ്പെടുത്തി.



**വിവാഹിതരായി :** കടയ്ക്കാവൂർ 'കരുണപുഷ്പ'ത്തിൽ രാജേന്ദ്രന്റെ മകൻ കനകരാജനും ജ്യോതിപുരം യൂണിറ്റ് 'ഗുരുവാണി' വീട്ടിൽ പി.റ്റി.സുഗതന്റെ മകൾ സോമലതയും (ശ്രുതി) നവംബർ 23 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320



*ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ കുരുന്നുകൾ അദ്ധ്യാപകർക്കൊപ്പം അഗ്രികൾച്ചർ സോണിൽ*



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala